ജന്മഭൂമി
3 April 2017

# കൂടുമത്സ്യ കൃഷി തരംഗമാക്കി സിഎംഎഫ്ആർഐ

**കൊച്ചി:** കുറഞ്ഞ ചിലവിൽ കൂടുതൽ ലാഭം നേടാനിയി കൂടുമത്സ്യകൃഷി വ്യാപിപ്പിക്കുന്നു. സിഎംഎഫ്ആർഐയുടെ നേതൃത്വത്തിൽ വിവിധ ജില്ലകളിലായി ജലാശയങ്ങളിൽ സംഘം ചേർന്നുള്ള കൃഷിക്ക് തുടക്കമിട്ടു. പരിശീലനം ലഭിച്ചവരാണ് കായലുകളിലും നദികളിലും കുളങ്ങളിലും മത്സ്യക്കൂടുകളിൽ കൃഷി ആരംഭിച്ചിരിക്കുന്നത്. കാളാഞ്ചി, കരിമീൻ, തിലാപ്പിയ, ചെമ്പല്ലി, വറ്റ എന്നിവയാണ് പ്രധാനമായും കൃഷി ചെയ്യുന്നത്.

എറണാകുളം ജില്ലയിലാണ് കൂടുമത്സ്യകൃഷി കൂടുതലും നടക്കുന്നത്. ആലുവയിൽ പെരിയാർ നദി, കോട്ടപ്പുറം കായൽ, തൃപ്പൂണിത്തുറ, മൂത്തകുന്നം, ഞാറക്കൽ, വൈപ്പിൻ, എടവനക്കാട്, ആലപ്പുഴ ജില്ലയിൽ ചേർത്തലയിലെ ചിറക്കൽ, വയലാർ, ചെങ്ങന്നൂർ എന്നിവിടങ്ങളിലും കോട്ടയത്ത് പെരുവ, പൂത്തോട്ട എന്നിവിടങ്ങളിലെ കായലുകളിലാണ് കൃഷി. സിഎംഎഫ്ആർഐയിലെ മാരിക്കൾച്ചർ വിഭാഗമാണ് കൂടുമത്സ്യകൃഷി പരിശീലനം നൽകുന്നത്. സംസ്ഥാന ഫിഷറീസ് വകുപ്പിന് കീഴിലുള്ള മത്സ്യ കർഷക വികസന ഏജൻസി (എഫ്എഫ്ഡിഎ) കർഷക സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകാൻ തുടങ്ങിയതും കൂടുകൃഷി വ്യാപകമാകുന്നതിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്.



ആലുവ പെരിയാർ നദിയിൽ തുടങ്ങിയ കൂടുമത്സ്യകൃഷി യൂണിറ്റുകൾ